## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3368**

**14/07/2015 ൽ മറുപടിയ്ക്ക്**

## കശുവണ്ടി വ്യവസായം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.കെ ഗുരുദാസൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കശുവണ്ടി വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ച് പഠിക്കാൻ 23 പേരടങ്ങിയ ഒരു കമ്മിറ്റി ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ടോ ; | (എ) കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും,യന്ത്രവൽക്കരണരംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിന് വേണ്ടി തൊഴിലാളി - തൊഴിലുടമ- ഗവൺമെന്റ് പ്രതിനിധികൾ അടങ്ങിയ കമ്മിറ്റിയെ സർക്കാർ ഉത്തരവ് (സാധാ) നം.448/2015/വ്യവ തീയതി 06/06/2015 പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത 23 പേരടങ്ങിയ കമ്മിറ്റി 3 മാസത്തിനകം പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുക പ്രായോഗികമാണോ ; | (ബി) ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനാണ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) വ്യവസായത്തിൽ തന്നെ യന്ത്രവൽകൃത മേഖലയിലെ തൊഴിലാളികളുടെ കൂലി ഘടന നിർണ്ണയിക്കാൻ പ്രസ്തുത കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ ; കശുവണ്ടി വ്യവസായത്തിൽ പുതിയ മിനിമം വേജസ് നിശ്ചയിച്ച് പ്രഖ്യാപിച്ച സാഹചര്യത്തിൽ അതേ വ്യവസായത്തിലെ യന്ത്രവൽകൃത വിഭാഗത്തിലേക്കു പ്രത്യേക മിനിമം കൂലി നിശ്ചയിക്കുന്നത് തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുകയല്ലേ എന്ന് കരുതുന്നുണ്ടോ ; | (സി) & (ഡി) കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും,യന്ത്രവൽക്കരണരംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കശുവണ്ടി മേഖലയിൽ മിനിമം കൂലി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത യുണ്ടോ എന്ന് കമ്മിറ്റി |

| | | |
|---|---|---|
| (ഡി) | തൊഴിൽ വകുപ്പിനാണ് മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള അവകാശമെന്നിരിക്കെ വ്യവസായ വകുപ്പ് ഇടപെടുന്നതിലുള്ള പ്രസക്തി എന്താണെന്ന് അറിയിക്കാമോ ; മിനിമം വേജസ് കമ്മിറ്റിയിൽ തൊഴിലാളി - തൊഴിലുടമ പ്രതിനിധികൾക്കു തുല്യ പ്രാതിനിധ്യമുണ്ടാകണമെന്ന നിയമം നിലനിൽക്കുമ്പോൾ പ്രസ്തുത നിയമവും കീഴ് വഴക്കവും പാലിച്ച് നിലവിൽ പ്രഖ്യാപിച്ച മിനിമം വേജസ് നടപ്പിലാക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ; | പരിശോധിക്കുന്നതാണ്. ഇതു കൂടാതെ കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിയ്ക്ക് ഒരു സമഗ്ര പാക്കേജ് വേണമെന്ന കാഷ്യു മാനുഫാക്ചേഴ്സ് ആന്റ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ അതിനനുസരിച്ച് ഉല്പാദന ശേഷി വർദ്ധിക്കുകയും അതിന് ആനുപാതികമായി പുതിയ തൊഴിൽ ഘടന രൂപം നൽകേണ്ടതായും വരും. ഈ സാഹചര്യത്തിലാണ് പുതിയ കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയത്.<br><br>നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേജസ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷനിലും കാപെക്സിലും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ